(ബി) ഇതിന്റെ ഉപയോഗം ആരോഗ്യത്തിന് ഹാനികരമാണോ;

(സി) ഇത് പ്രാദേശികമായി നിരോധിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത് നിരോധിച്ചിട്ടുണ്ടെന്നും സംസ്ഥാനം മുഴുവൻ ഇത് നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാൻമസാല സംഭരിക്കുന്നതും കൈവശംവയ്ക്കുന്നതും വില്ക്കുന്നതും 2001-ൽ സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റിയായ ആരോഗ്യ വകുപ്പ് ഡയറക്ടർ 1-7-2001 മുതൽ 30-8-2002-വരെ ഒരു വർഷത്തേക്ക് നിരോധിക്കുകയുണ്ടായി. എന്നാൽ ഈ നിരോധന ഉത്തരവ് നടപ്പിലാക്കുന്നതിന് മുമ്പ്തന്നെ 19635/2000 (ആർ) നമ്പർ കേസ്സിന്റെ വിധിന്യായത്തിലൂടെ ഹൈക്കോടതി അസാധുവാക്കുകയുണ്ടായി.

(ബി) അതെ.

(സി) ഇത് പ്രാദേശികമായി നിരോധിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ മുനിസിപ്പൽ ആക്ട് എന്നിവ പ്രകാരം അധികാരം നല്കുന്നുണ്ട്.

(ഡി) വയനാട് ജില്ലയിലെ എല്ലാ പഞ്ചായത്തിലും കാസർഗോഡ് ജില്ലയിലെ പള്ളിക്കര, ഉദുമ, ചെറുവത്തൂർ, നീലേശ്വരം, പടന്ന, പീലിക്കോട്, തൃക്കരിപ്പൂർ, മുളിയാർ, ബന്ധഡുക്ക എന്നീ പഞ്ചായത്തുകളിലും പാൻമസാലയുടെ വില്പന നിരോധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുന്ന കേരള ഭക്ഷ്യ മായം ചേർക്കൽ നിരോധന ചട്ടം പ്രാബല്യത്തിൽ വരുന്നതോടെ കേരളത്തിൽ പാൻമസാല നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയക്കുശേഷം മരുന്നു വാങ്ങാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്ക് സഹായം

177 [1653] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കുശേഷം മരുന്നു വാങ്ങാൻ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്ക് എന്തു സഹായമാണ് നൽകിയിരിക്കുന്നത് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവർക്ക് ആവശ്യമുള്ള മരുന്നിന്റെ 50% സബ്സിഡി നൽകാൻ തയ്യാറാകുമോ;

(സി) പ്രസ്തുത വ്യക്തികൾക്ക് പെൻഷൻ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ശസ്ത്രക്രിയക്കുശേഷം മരുന്നു വാങ്ങാൻ സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതികളൊന്നും നിലവിലില്ല. എങ്കിലും മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതികൾ ഇപ്രകാരം സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതനുസരിച്ച് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി നിർദ്ധനരായ ഒരു രോഗിക്ക് പതിനായിരം രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി ആന്റ് സി) ഇവ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിലെ ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

178 [1654] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളുണ്ട്;

(ബി) ഈ ഒഴിവുകളിലേക്ക് ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സുമാരെ പ്രമോട്ട് ചെയ്ത് നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ നിലവിൽ 22 ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ട്.

(ബി) ഈ ഒഴിവുകളിലേക്ക് ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സുമാരെ പ്രമോട്ട് ചെയ്ത് നിയമനം നടത്താൻ വേണ്ട നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly